ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 02.01.2025**

## പ്രധാനവാർത്തകൾ

1. **2024 ലെ ദേശീയ കായിക പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. ലോക ചെസ്സ് ചാമ്പ്യൻ ഡി. ഗുകേഷ്, ഷൂട്ടിംഗ് താരം മനു ഭാകർ, ഹോക്കി ക്യാപ്ടൻ ഹർമൻപ്രീത് സിംഗ്, പാരാ അത്‌ലറ്റ് പ്രവീൺ കുമാർ എന്നിവർക്ക് ഖേൽരത്ന പുരസ്കാരം.**
2. **മലയാളി നീന്തൽ താരം സജൻ പ്രകാശ് ഉൾപ്പെടെ 34 പേർക്ക് അർജുന അവാർഡ്. മലയാളി ബാഡ്മിന്റൺ പരിശീലകൻ എസ് മുരളീധരന് ദ്രോണാചാര്യ പുരസ്കാരം.**
3. **വയനാട് ദുരന്തബാധിതരുടെ പുനരധിവാസത്തിനായുള്ള സർവ്വേ നടപടികൾ ഉടൻ പൂർത്തിയാക്കുമെന്ന് റവന്യൂ മന്ത്രി കെ രാജൻ.**
4. **63- ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിനൊരുങ്ങി തിരുവനന്തപുരം. ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ മറ്റന്നാൾ നിർവഹിക്കും.**
5. **പ്രശസ്ത മാധ്യമപ്രവർത്തകനും എഴുത്തുകാരനുമായ എസ്. ജയചന്ദ്രൻ നായർ അന്തരിച്ചു**
6. **ISL ഫുട്ബോളിൽ ഇന്ന് മോഹൻ ബഗാൻ -ഹൈദരാബാദ് FCയെ നേരിടും.**

****************************************************************************************************

RNUTVPM

## ദേശീയ കായിക അവാർഡ്

2024 ലെ ദേശീയ കായിക പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. ലോക ചെസ് ചാമ്പ്യൻ ഡി ഗുകേഷ്, പാരീസ് ഒളിമ്പിക്സിൽ ഇരട്ട മെഡൽ നേടിയ ഷൂട്ടിങ്ങ് താരം മനു ഭാകർ, ഇന്ത്യൻ ഹോക്കി ടീം ക്യാപ്റ്റൻ ഹർമൻപ്രീത് സിംഗ്, പാരീസ് പാരാലിമ്പിക്സ് സ്വർണമെഡൽ ജേതാവ് പ്രവീൺ കുമാർ എന്നിവർ മേജർ ധ്യാൻചന്ദ് ഖേൽരത്ന പുരസ്കാരം സ്വന്തമാക്കി. മലയാളി നീന്തൽ താരം സജൻ പ്രകാശ്, ഒളിമ്പിക് ഷൂട്ടിങ്ങ് മെഡൽ ജേതാക്കളായ സ്വപ്നിൽ കുസാലെ, സരബ്ജോദ് സിങ്ങ് തുടങ്ങി 34 പേർക്കാണ് അർജുന അവാർഡ്. മലയാളി ബാഡ്മിൻറൺ പരിശീലകൻ എസ് മുരളീധരൻ, ഫുട്ബോൾ പരിശീലകൻ അർമാൻഡോ ആന്റൊണിയോ കൊളാക്കോ, പാരാ ഷൂട്ടിംഗ് പരിശീലകൻ സുഭാഷ് റാണ, ഷൂട്ടിംഗ് കോച്ച് ദീപാലി ദേശ്പാണ്ഡെ, ഹോക്കി പരിശീലകൻ സന്ദീപ് സാംഗ്വാൻ എന്നിവർ ദ്രോണാചാര്യ പുരസ്കാരത്തിന് അർഹരായി.

*************************************************************************************************************

## മന്ത്രി കെ രാജൻ (ഇൻട്രോ)

വയനാട് ദുരന്തബാധിതരുടെ പുനരധിവാസത്തിനായുള്ള സർവ്വേ നടപടികൾ ഉടൻ പൂർത്തിയാക്കുമെന്ന് റവന്യൂ മന്ത്രി കെ രാജൻ. എൽസ്റ്റൺ എസ്റ്റേറ്റിൽ 15 ദിവസത്തിനുള്ളിലും നെടുമ്പാല എസ്റ്റേറ്റിൽ 20 ദിവസത്തിനുള്ളിലും സർവ്വേ പൂർത്തിയാക്കും. ദുരന്തബാധിതരുടെ ആശങ്കകൾ പരിഹരിക്കുമെന്നും മന്ത്രി കൽപ്പറ്റയിൽ ചേർന്ന അവലോകനയോഗത്തിന് ശേഷം മാധ്യമങ്ങളോട് പറഞ്ഞു.

**(ഹോൾഡ് വോയിസ് )**

നിലവിലെ ഔദ്യോഗിക കണക്കു പ്രകാരം ദുരന്തത്തിൽ മരിച്ചവരുടെ എണ്ണം 263- ഉം കാണാതായവരുടെ എണ്ണം 35 ഉം ആണെന്ന് മന്ത്രി വ്യക്തമാക്കി. കാണാതായവർക്ക് മരണ

KNU TVPM

സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടികൾ വേഗത്തിലാക്കുമെന്നും അദ്ദേഹം പറഞ്ഞു.

******************************************************************************************

## ഗവർണർ

കേരളാ ഗവർണറായി രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഇന്ന് സത്യപ്രതിജ്ഞ ചെയ്തു. രാജ്ഭവനിൽ രാവിലെ നടന്ന ചടങ്ങിൽ ഹൈക്കോടതി ചീഫ് ജസ്റ്റിസ് നിതിൻ മധുകർ ജംദാർ സത്യവാചകം ചൊല്ലി കൊടുത്തു. മുഖ്യമന്ത്രി പിണറായി വിജയൻ, സ്പീക്കർ എ.എൻ.ഷംസീർ. മന്ത്രിമാർ, പ്രതിപക്ഷനേതാവ് ഉൾപ്പെടെയുള്ള പ്രമുഖർ സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുത്തു. ബിഹാർ ഗവർണറായിരുന്ന ശ്രീ ആർലേക്കർ മുൻപ് ഗോവ നിയമസഭാ സ്പീക്കർ, വനം മന്ത്രി തുടങ്ങിയ സ്ഥാനങ്ങളും വഹിച്ചിരുന്നു.

******************************************************************************************

## പ്രിസൺ മാനുവൽ

ജയിലുകൾക്കുള്ളിലെ ജാതിവിവേചനം തടയുന്നതിനായി മാതൃകാ ജയിൽ ചട്ടങ്ങൾ കേന്ദ്രസർക്കാർ പരിഷ്കരിച്ചു. സുപ്രീംകോടതി നിർദ്ദേശ പ്രകാരമാണ് നടപടി. മതത്തെ അടിസ്ഥാനമാക്കിയുള്ള വർഗ്ഗീകരണം, തരംതിരിവ് എന്നിവ കർശനമായി തടയുന്നതാണ് ആഭ്യന്തര മന്ത്രാലയത്തിൻറെ പരിഷ്കരിച്ച പ്രിസൺ മാനുവൽ. സ്ഥിരം കുറ്റവാളി എന്നതിൻറെ നിർവചനവും മാറ്റിയിട്ടുണ്ട്.

******************************************************************************************

## സ്കൂൾ കലോത്സവം -ഇൻട്രോ

63- ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന് തിരുവനന്തപുരത്ത് മറ്റന്നാൾ തിരി തെളിയും. സെൻട്രൽ സ്റ്റേഡിയത്തിൽ രാവിലെ 10 മണിക്ക് നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവഹിക്കും. കാസർഗോഡ് നിന്നാരംഭിച്ച, കലോത്സവത്തിൻറെ സ്വർണ കപ്പ്

RNU TVPM

ഘോഷയാത്ര നാളെ വൈകുന്നേരത്തോടെ തിരുവനന്തപുരത്ത് എത്തിച്ചേരും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്..**

**(ഹോൾഡ്)**

****************************************************************************************************

## മന്ത്രി വി ശിവൻകുട്ടി

63 - മത് സംസ്ഥാന സ്കൂൾ കലോത്സവത്തിന് ആതിഥ്യമരുളാൻ തിരുവനന്തപുരം ഒരുങ്ങിക്കഴിഞ്ഞതായി വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി. കലോത്സവത്തിൻറെ രജിസ്ട്രേഷൻ എസ്.എം.വി സ്കൂളിൽ നാളെ രാവിലെ 10 മണി മുതൽ ആരംഭിക്കും. നാളെ രാത്രി ഭക്ഷണത്തോടെ ഊട്ടുപുരയും പ്രവർത്തനം ആരംഭിക്കുമെന്ന് കലോത്സവത്തിൻറെ മുന്നൊരുക്കങ്ങൾ വിശദീകരിച്ചുകൊണ്ട് മന്ത്രി പറഞ്ഞു.. പഴയിടം മോഹനൻ നമ്പൂതിരിയുടെ നേതൃത്വത്തിലാണ് ഭക്ഷണം ഒരുക്കുന്നത്. കലോത്സവത്തിനായി തലസ്ഥാനനഗരിയിൽ എത്തുന്നവർക്കായി നാളെ മുതൽ ഗതാഗത സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

RNU TVPM

****************************************************************************************************

## എസ്. ജയചന്ദ്രൻ നായർ

പ്രശസ്ത മാധ്യമപ്രവർത്തകനും എഴുത്തുകാരനുമായ എസ്. ജയചന്ദ്രൻ നായർ അന്തരിച്ചു. 85 വയസ്സായിരുന്നു. ബംഗളുരുവിലെ ആശുപത്രിയിലായിരുന്നു അന്ത്യം. കലാകൗമുദി വാരികയുടെ പത്രാധിപരായി ദീർഘകാലം പ്രവർത്തിച്ച അദ്ദേഹം, സമകാലിക മലയാളം വാരികയുടെ സ്ഥാപക പത്രാധിപരായിരുന്നു. **റോസാദലങ്ങൾ, പുഴകളും കടലും** തുടങ്ങി നിരവധി കൃതികൾ രചിച്ച അദ്ദേഹത്തിന് **എൻറെ പ്രദക്ഷിണ വഴികൾ** എന്ന രചനയിലൂടെ കേരള സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചു. പിറവി, സ്വം എന്നീ ചിത്രങ്ങളുടെ കഥാകൃത്തായിരുന്നു. മുഖ്യമന്ത്രി പിണറായി വിജയൻ

ഉൾപ്പെടെയുള്ള പ്രമുഖർ എസ്. ജയചന്ദ്രൻ നായരുടെ വിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തി.

---

## മന്നം ജയന്തി

സാമൂഹിക ഉന്നമനത്തിനായി നിരന്തരം പ്രയത്നിച്ച ദീർഘദർശിയായിരുന്നു മന്നത്ത് പത്മനാഭനെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. 148 മത് മന്നം ജയന്തി ദിനത്തോടനുബന്ധിച്ച് സമൂഹമാധ്യമത്തിലൂടെ അനുസ്മരണ സന്ദേശം പങ്കുവയ്ക്കുകയായിരുന്നു പ്രധാനമന്ത്രി . പെരുന്നയിലെ എൻ.എസ്.എസ് ആസ്ഥാനത്ത് വിപുലമായ ആഘോഷ പരിപാടികളാണ് മന്നം ജയന്തിയോടനുബന്ധിച്ച് ഇന്ന് നടന്നത്.

കേരളത്തെ പരിഷ്കരണത്തിലേക്ക് നയിച്ച വിപ്ലവ കാരിയായിരുന്നു മന്നത്ത് പത്മനാഭനെന്ന് ജയന്തി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തുകൊണ്ട് മുൻ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു.

---

## ഉമാ തോമസ്

കൊച്ചി കലൂർ സ്റ്റേഡിയത്തിൽ ഉമാ തോമസ് എംഎൽഎക്ക് പരിക്കേറ്റ അപകടവുമായി ബന്ധപ്പെട്ട കേസിൽ പരിപാടിയുടെ സംഘാടകരായ മൃദംഗവിഷൻ മാനേജിങ് ഡയറക്ടർ എം. നിഗോഷ് കുമാർ പാലാരിവട്ടം പോലീസ് സ്റ്റേഷനിൽ ഹാജരായി. പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന ഉമാ തോമസ് എംഎൽഎയുടെ ആരോഗ്യ നിലയിൽ നേരിയ പുരോഗതിയുണ്ടെന്ന് ഡോക്ടർമാരുടെ വിദഗ്ദ്ധ സംഘം അറിയിച്ചു. വെന്റിലേറ്ററിൽ നിന്ന് മാറ്റുന്നതിനുള്ള സാധ്യതകളും മെഡിക്കൽ സംഘം പരിശോധിച്ച് വരികയാണ്.

---

PNU TVPM

## അപേക്ഷ ക്ഷണിച്ചു.

ആകാശവാണി കോഴിക്കോട് പ്രാദേശിക വാർത്താ വിഭാഗത്തിൽ ന്യൂസ് എഡിറ്റർ, ന്യൂസ് റീഡർ-കം-ട്രാൻസ്‌ലേറ്റർ കാഷ്വൽ പാനലുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. കോഴിക്കോടും സമീപപ്രദേശങ്ങളിലും താമസിക്കുന്ന 21-നും 50-നും മദ്ധ്യേ പ്രായമുള്ളവർ ആയിരിക്കണം അപേക്ഷകർ. ഇത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ www.newsonair.gov.in എന്ന വെബ്സൈറ്റിലെ vacancies വിഭാഗത്തിൽ ലഭ്യമാണ്. ജനുവരി 15 ആണ് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി.

*****************************************************************************************************

## പെരിയ ഇരട്ടക്കൊല

പെരിയ ഇരട്ടക്കൊല കേസിൽ എറണാകുളം സി. ബി. ഐ കോടതി നാളെ ശിക്ഷ വിധിക്കും. കേസിലെ 14 പ്രതികൾ കുറ്റക്കാരെന്ന് കോടതി കണ്ടെത്തിയിരുന്നു. 2019 ലാണ് കേസിനാസ്പദമായ സംഭവം നടന്നത്. വിധി പുറപ്പെടുവിക്കുന്നതിന്റെ പശ്ചാത്തലത്തിൽ, പ്രദേശത്ത് അനിഷ്ട സംഭവങ്ങൾ ഒഴിവാക്കുന്നതിനായി ജില്ലാഭരണകൂടം നടപടികൾ സ്വീകരിച്ചു.

RNU TVPM

*****************************************************************************************************

## ഐ.എസ്.എൽ

ISL ഫുട്ബോളിൽ ഇന്ന് മോഹൻ ബഗാൻ -ഹൈദരാബാദ് FCയെ നേരിടും. കൊൽക്കത്തയിൽ രാത്രി **7.30** നാണ് മത്സരം. പോയിൻറ് പട്ടികയിൽ നിലവിൽ ഒന്നാമതാണ് മോഹൻ ബഗാൻ.

*****************************************************************************************************

## ക്രിക്കറ്റ്

ഇന്ത്യ-ഓസ്ട്രേലിയ ബോർഡർ ഗവാസ്കർ ട്രോഫി ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ അഞ്ചാം മത്സരം നാളെ ആരംഭിക്കും. സിഡ്നി

ക്രിക്കറ്റ് ഗ്രൗണ്ടിൽ ഇന്ത്യൻ സമയം രാവിലെ 5 മണിക്കാണ് മത്സരം. പരമ്പരയിൽ 2-1 ന് മുന്നിലാണ് ഓസീസ്.

*************************************************************************************************

## താപനില മുന്നറിയിപ്പ്

സംസ്ഥാനത്ത് താപനില ഇന്നും നാളെയും സാധാരണയെക്കാൾ 2 മുതൽ 3 ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഉയർന്ന ചൂട് സൂര്യാഘാതം, സൂര്യാതപം, നിർജലീകരണം തുടങ്ങി ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമായേക്കാം എന്നതിനാൽ പൊതുജനങ്ങൾ ജാഗ്രത പാലിക്കണം.

*************************************************************************************************

## ഓഹരി-സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 1,436 പോയിൻറ് ഉയർന്ന് **79,944** ലും നിഫ്റ്റി **446** പോയിൻറ് ഉയർന്ന് **24,189** ലുമാണ് വ്യാപാരം അവസാനിപ്പിച്ചത്. സ്വർണവിലയിൽ വർധന. പവന് **240** രൂപ കൂടി **57,440** രൂപയും ഗ്രാമിന് **30** രൂപ വർദ്ധിച്ച് **7,180** രൂപയുമാണ് ഇന്നത്തെ വില. വിദേശനാണ്യ വിപണിയിൽ രൂപയുടെ വിനിമയ നിരക്കിൽ ഇടിവ്. ഒരു ഡോളറിനെതിരെ **85** **രൂപ** **75** പൈസയാണ് ഇന്നത്തെ വിനിമയ മൂല്യം.

*************************************************************************************************

*************************************************************************

***************************************************

RNUTVPM